# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 25

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# കിഫ്ബി സ്കൂളുകൾ: നിർമ്മാണപ്രവർത്തനങ്ങൾ ഈ വർഷം പൂർത്തിയാക്കും

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ പൂർത്തിയാകുന്ന 30 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ അദ്ധ്യയന വർഷം തന്നെ പൂർത്തിയാക്കും. തിരുവനന്തപുരത്താണ് സ്കൂളുകളുടെ നിർമ്മാണപുരോഗതി വിലയിരുത്തിയത്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മേൽനോട്ടത്തിൽ നിലവിൽ അഞ്ച് കോടി രൂപയുടെ പതിമൂന്ന് സ്കൂളുകളും മൂന്ന് കോടി രൂപയുടെ 17 സ്കൂളുകളാണ് ആദ്യ രണ്ടു ഘട്ടങ്ങളിലായി ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ളത്.

ഇതിൽ അഞ്ച് കോടി വിഭാഗത്തിൽ ഉൾപ്പെട്ട ചെറുതുരുത്തി, സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ജൂലൈയിൽ പൂർത്തിയാവും. വടക്കാഞ്ചേരി, ചാലക്കുടി, നടവരമ്പ് സ്കൂളിലെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കരുപ്പടന്ന, കടവല്ലൂർ, നന്തിക്കര, മുല്ലശ്ശേരി, തൃശൂർ ബോയ്സ്, പുത്തൂർ, ചേർപ്പ്, മണത്തല, എറിയാട്, ചാലക്കുടി, നടവരമ്പ, വടക്കാഞ്ചേരി സ്കൂളുകളിൽ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

മൂന്ന് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ നാട്ടിക, പഴഞ്ഞി, ചെമ്പൂച്ചിറ സ്കൂൾ സെപ്തംബറിലും എരുമപ്പെട്ടി, കൊച്ചന്നൂർ, വടക്കാഞ്ചേരി ഗേൾസ്, വരവൂർ, ചേലക്കര, വില്ലാടം, പീച്ചി, കൊടുങ്ങല്ലൂർ, ദേശമംഗലം, കൊടുങ്ങല്ലൂർ ഗേൾസ് സ്കൂളുകൾ ഡിസംബറിലും പൂർത്തിയാക്കാനും നിർദ്ദേശം നൽകി.

പഴയന്നൂർ, തിരുവില്വാമല, തൃക്കൂർ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ റീടെണ്ടർ ചെയ്തിട്ടുണ്ട്. ജൂൺ 25 നാണ് അവസാന തീയതി. പാഞ്ഞാൾ, ഒല്ലൂർ, സ്കൂളുകൾ ധനകാര്യ അനുമതിയ്ക്കായി കിഫ്ബിയുടെ പരിഗണനയിലാണ്. മുഴുവൻ സ്കൂളുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യാനും ഈ അദ്ധ്യയന വർഷം തന്നെ പൂർത്തിയാക്കാനും ആവശ്യമായ നടപടി സ്വീകരിച്ചതായി കൈറ്റ് വൈസ് ചെയർമാൻ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ അൻവർ സാദത്ത് അറിയിച്ചു. സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ തൽസ്ഥിതി www.prd.kerala.gov.in ൽ അറിയാം.

# എഞ്ചിനീയർ നിയമനം

ജില്ലയിൽ ഐ ടി മിഷന്റെ ഇ-ഓഫീസ് പദ്ധതിയിലേക്ക് ഹാൻഡ് എഞ്ചിനീയറെ നിയമിക്കുന്നു. ഐടി, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബി.ടെക്ക് അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഇലക്ട്രോണിക്സ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് യോഗ്യത. പ്രായം 2019 ജൂൺ ഒന്നിന് 35 വയസ്സ് കവിയരുത്. അപേക്ഷയും വിശദവിവരങ്ങളും www.thrissur.nic.in എന്ന വെബ് സൈറ്റിൽ ലഭിക്കും. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതമുള്ള അപേക്ഷ ജില്ലാ കളക്ടർ, സിവിൽ സ്റ്റേഷൻ, തൃശൂർ 680 003 എന്ന വിലാസത്തിൽ ജൂലൈ ഒന്നിനകം നൽകണം. അപേക്ഷ അയ്ക്കുന്ന കവറിനു മുകളിൽ എച്ച്എസ്ഇ ഇ-ഓഫീസിലേക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കണം.

# പ്രളയപുനർനിർമ്മാണം:
# ഇലക്ട്രിക് കിറ്റുകൾ വിതരണം ചെയ്തു

പ്രളയത്തിൽ വീടുകൾ തകർന്ന 34 കുടുംബങ്ങൾക്ക് മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഇലക്ട്രിക് കിറ്റുകൾ വിതരണം ചെയ്തു. പ്രളയദുരിതത്തിൽപെട്ടതും പുനർനിർമ്മാണത്തിലിരിക്കുന്നതുമായ വീടുകൾക്കുള്ള ഇലക്ട്രിക്കൽ കിറ്റുകൾ നൽകുകയെന്ന ജില്ലാ ഭരണകൂടത്തിന്റെ പദ്ധതി പ്രകാരമാണ് ഇലക്ട്രിക് കിറ്റുകൾ നൽകിയത്. വീടുകളുടെ വൈദ്യുതീകരണത്തിനുതുകന്ന വയർ, സ്വിച്ച്, എംസിബി, ഫാൻ, സോക്കറ്റ്, റെഗുലേറ്റർ, എൽഇഡി ബൾബ്, സ്വിച്ച്, സ്വിച്ച് ബോർഡ്, മെയിൻ സ്വിച്ച് എന്നിവയടങ്ങുന്നതാണ് കിറ്റ്. ലീഗ്രാൻഡ് കമ്പനിയുടേതാണ് സാമഗ്രികൾ. ഇതോടൊപ്പം പോളി ക്യാബ് ഇന്ത്യാ ലിമിറ്റഡ് തങ്ങളുടെ സാമൂഹ്യസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തിയും കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. മതിലകം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പെരിഞ്ഞനം, മതിലകം, എടത്തുരുത്തി, എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, കയ്പമംഗലം എന്നീ എഴു പഞ്ചായത്തുകളിൽ നിന്നും കൊടുങ്ങല്ലൂർ നഗരസഭ പരിധിയിൽ നിന്നുമുള്ള 504 കുടുംബങ്ങൾക്കാണ് പദ്ധതി പ്രകാരം കിറ്റുകൾ വിതരണം ചെയ്യുന്നത്. മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ അബീദലി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഷീന വിശ്വൻ അധ്യക്ഷത വഹിച്ചു. ഹൗസിംഗ് ഓഫീസർ അംബ്രോസ് മൈക്കിൾ മുഖ്യാതിയായിരുന്നു.

# കുന്നംകുളത്ത് കർഷക ഗ്രാമസഭകൾ 27 മുതൽ

കൃഷിഭവന്റെ സേവനങ്ങൾ ഏറ്റവും താഴെ തട്ടിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആർത്താറ്റ് കൃഷിഭവൻ കുന്നംകുളം നഗരസഭയിൽ സംഘടിപ്പിക്കുന്ന കർഷക ഗ്രാമസഭ ജൂൺ 27 മുതൽ ജൂലായ് 5 വരെ വിവിധ വാർഡുകളിൽ നടക്കും. കുന്നംകുളം നഗരസഭ ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പാക്കുന്ന കാർഷിക പദ്ധതികൾക്കുള്ള അപേക്ഷാ ഫോറങ്ങൾ കാർഷിക ഗ്രാമസഭകളിലെത്തി കർഷകർക്ക് സമർപ്പിക്കാം. വിവിധ കാർഷിക പദ്ധതികളുടെ വിശദീകരണം, കർഷകരുടെ പരാതി പരിഹരിക്കൽ എന്നിവയും കർഷക സഭയിൽ ഉണ്ടാകും. കൂടാതെ കർഷക ഗ്രാമസഭകളിൽ സൗജന്യ പച്ചക്കറിവിത്ത് വിതരണം ഉണ്ടായിരിക്കുമെന്നും കൃഷി ഓഫീസർ ഗംഗാ ദത്തൻ അറിയിച്ചു.

# ടെണ്ടർ

ചാവക്കാട് അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് ഓഫീസിന് ഈ സാമ്പത്തിക വർഷം ഔദ്യോഗിക ആവശ്യത്തിന് വാഹനം വാടകക്ക് നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 27. ഫോൺ : 0487-2556989.

# ജില്ലാ ആസൂത്രണ സമിതി 28 ന്

ജില്ലാ ആസൂത്രണ സമിതി യോഗം ജൂൺ 28 വൈകീട്ട് 4 ന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

# സ്വച്ഛ് ഭാരത് സമ്മർ ഇന്റേൺഷിപ്പ്:
# അപേക്ഷ ക്ഷണിച്ചു

കേന്ദ്ര യുവജന കാര്യ-ജലവിഭവ മന്ത്രാലയങ്ങൾ സംയുക്തമായി സംഘടിപ്പിക്കുന്ന സ്വച്ഛ് ഭാരത് സമ്മർ ഇന്റേൺഷിപ്പിന് അപേക്ഷിക്കാം. ജൂലൈ 31 നകം 50 മണിക്കൂർ ശുചിത്വ പ്രവർത്തനങ്ങൾക്ക് മാറ്റിവെക്കുവാൻ താൽപര്യമുള്ളവർ നെഹ്റു യുവ കേന്ദ്ര ഓഫീസിൽ അപേക്ഷ നൽകണം. മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന വളണ്ടിയർമാർക്ക് ക്യാഷ് അവാർഡും പ്രശംസാപത്രവും ലഭിക്കും. 50 മണിക്കൂർ സേവന പൂർത്തിയാക്കുന്നവർക്ക് കേന്ദ്രസർക്കാർ സർട്ടിഫിക്കറ്റ് നൽകും. അപേക്ഷഫോറവും വിശദവിവരങ്ങളും അയ്യന്തോൾ നെഹ്റു യുവ കേന്ദ്ര ഓഫീസിൽ ലഭിക്കും. ഫോൺ : 0487-2360355, 8281408674.

# പൂരം ഫോട്ടോഗ്രാഫി മത്സരം: ഹരിദാസിന് ഒന്നാം സ്ഥാനം

തൃശൂർ പൂരത്തോടനുബന്ധിച്ച് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫോട്ടോഗ്രാഫി മത്സരത്തിൽ വിജയികളായവർക്കുള്ള ക്യാഷ് അവാർഡ്-സർട്ടിഫിക്കറ്റ് വിതരണം കളക്ടറേറ്റ് ചേംബറിൽ ജില്ലാ കളക്ടർ ടി.വി. അനുപമ നിർവഹിച്ചു. ഹരിദാസ് ഉത്തരയ്ക്കാണ് ഒന്നാം സ്ഥാനം. ഫ്രീലാൻസ് ഫോട്ടോഗ്രാഫറായ ഹരിദാസ് തൃശൂർ സ്വദേശിയാണ്. രഞ്ജിത് ബാലൻ (മംഗളം, തൃശൂർ യൂണിറ്റ്), അഖിൽ പുരുഷോത്തമൻ (ദീപിക, കൊച്ചി യൂണിറ്റ്), സുരാജ് തോമസ് (ആർടിഒ ഓഫീസ്, മലപ്പുറം) എന്നിവരാണ് മറ്റ് വിജയികൾ.

# സൈക്യാട്രിസ്റ്റ് നിയമനം

ജില്ലാ മാനസികാരോഗ്യപരിപാടിയിൽ സൈക്യാട്രിസ്റ്റ് തസ്തികയിൽ കരാർ നിയമനം നടത്തുന്നു. സൈക്യാട്രിയിലുള്ള ഡിപിഎം, എംഡി, ഡിഎൻബി എന്നിവയിൽ ഏതെങ്കിലും യോഗ്യതയുള്ളവർക്ക് വാക്ക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ ബയോഡാറ്റ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂലൈ 6 ന് മാനസികാരോഗ്യപരിപാടി നോഡൽ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2383155.

# ഭാഗ്യക്കുറി ടിക്കറ്റ്: ബോധവൽക്കരണം സംഘടിപ്പിച്ചു

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വ്യാജ സമ്മാന ടിക്കറ്റുകൾ ഹാജരാക്കി ഭാഗ്യക്കുറി ഏജന്റുമാരേയും വിൽപ്പനക്കാരേയും സാമ്പത്തികമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ഏജന്റുമാർക്കും വിൽപനക്കാർക്കുമായി ജില്ലാതല പരിശീലന പരിപാടി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ ഭാഗ്യക്കുറി ഓഫീസർ എസ് അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ക്ഷേമനിധി ബോർഡംഗം എം കെ ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഭാഗ്യക്കുറി ഓഫീസർ പി എ ഷാജു ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ കെ എസ് ഷാഹിത സ്വാഗതവും ജൂനിയർ സൂപ്രണ്ട് ജി ജിതിൻ നന്ദിയും പറഞ്ഞു.

# തീയതി നീട്ടി

അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന സമാശ്വാസ ധനസഹായം ബാങ്ക് വഴി നൽകുന്നതിന് തൊഴിലാളികളുടെ ബാങ്ക് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 5 വരെ നീട്ടി. രേഖകൾ ക്ഷേമനിധി ബോർഡിന്റെ കായംകുളം, ഭരണിക്കാവ്, ചവറ, ഇരിങ്ങാലക്കുട എന്നീ ഇൻസ്പെക്ടർ ഓഫീസുകളിൽ ജൂലൈ 5 വൈകിട്ട് 4 മണി വരെ സ്വീകരിക്കും. രേഖകൾ നൽകാത്ത അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ എല്ലാ തൊഴിലാളികളും ക്ഷേമനിധി കാർഡ്, ആധാർകാർഡ്, ബാങ്ക്പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പ് ഫോൺ നമ്പർ എന്നിവ ജൂലൈ 5 വൈകിട്ട് 4 മണിയ്ക്ക് മുൻപായി ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫീസുകളിൽ നൽകണം. രേഖകൾ നൽകുന്ന തൊഴിലാളികൾക്ക് മാത്രമേ ഭാവിയിൽ സമാശ്വാസ ധനസഹായങ്ങൾ ലഭിക്കുകയുള്ളുയെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# കൊടുങ്ങല്ലൂർ നഗരസഭയിൽ മൊബിലൈസേഷൻ ക്യാമ്പ് നടത്തി

നഗരസഭയിലെ തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി വിദഗ്ദ്ധതൊഴിൽ നൽകുന്നതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മൊബിലൈസേഷൻ ക്യാമ്പ് സമാപിച്ചു. നഗര ഉപജീവന മിഷന്റെ ആഭിമുഖ്യത്തിൽ രണ്ട് ദിവസങ്ങളിലായി നടത്തിയ ക്യാമ്പിൽ ഇരുന്നൂറ് അഭ്യസ്തവിദ്യർ പങ്കെടുത്തു. മേത്തല കമ്മ്യൂണിറ്റി ഹാളിൽ നടന്ന ക്യാമ്പ് നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ ഉദ്ഘാടനം ചെയ്തു. വിവിധ സാങ്കേതിക കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന പദ്ധതിയിൽ കോഴ്സ് ഫീസ്, താമസം, ഭക്ഷണം എന്നിവ സൗജന്യമാണ്. കൊച്ചി, ബാംഗ്ലൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലായി വിവിധ ടെക്നിക്കൽ

കോഴ്സുകൾ ഉദ്യോഗാർത്ഥികൾക്ക് തിരഞ്ഞെടുക്കാം. അക്കൗണ്ടിങ്, ഫാഷൻ ഡിസൈനിങ്, സ്പാതെറാപ്പി, ലാബ്കെമിസ്റ്റ്, ഗാർഡ് വെയർ എഞ്ചിനീയർ തുടങ്ങി ഇരുപതിലേറെ കോഴ്സുകൾ വിവിധ കേന്ദ്രങ്ങളിലായി നടത്തുമെന്ന് ചെയർമാൻ അറിയിച്ചു.

## സൗജന്യ പരിശീലനം തുടങ്ങി

മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്ലേസ്മെന്റ് വിഭാഗം സംഘടിപ്പിക്കുന്ന 20 ദിവസത്തെ സൗജന്യ മത്സരപരീക്ഷ പരിശീലനം ഡെപ്യൂട്ടി മേയർ റാഫി ജോസ് ഉദ്ഘാടനം ചെയ്തു. വാർഡംഗം കെ മഹേഷ് അദ്ധ്യക്ഷത വഹിച്ചു. എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ പി എൻ സുരേഷ്ബാബു മുഖ്യപ്രഭാഷണം നടത്തി. എറണാകുളം സബ് റീജ്യണൽ എംപ്ലോയ്മെന്റ് ഓഫീസർ സി ജി സാബു, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (ഐസി) ശശികുമാർ, എംപ്ലോയ്മെന്റ് ഓഫീസർ (വിജി) വി എം ഹംസ തുടങ്ങിയവർ പങ്കെടുത്തു. ഭിന്നശേഷിക്കാരായ 30 ഉദ്യോഗാർത്ഥികൾ ക്ലാസ്സിൽ പങ്കെടുത്തു.

## ദ്വിദിന ഞാറ്റുവേല ചന്ത ഇന്ന് മുതൽ

'മണ്ണുമുതൽ മാർക്കറ്റ് വരെ കർഷകനൊപ്പം' എന്ന സന്ദേശവുമായി വലപ്പാട് പഞ്ചായത്തിന്റെ ദ്വിദിന ദിന ഞാറ്റുവേല ചന്ത ഇന്ന് (ജൂൺ 26) ആരംഭിക്കും. പഞ്ചായത്തിനൊപ്പം കൃഷിഭവൻ, കുടുംബശ്രീ, വലപ്പാട് -കരയാവട്ടം -എടമുട്ടം സർവീസ് സഹകരണ ബാങ്കുകൾ, മർച്ചന്റ്സ് അസോസിയേഷൻ എന്നിവ സംയുക്തമായാണ് ഞാറ്റുവേല ചന്ത സംഘടിപ്പിക്കുന്നത്. വലപ്പാട് ചന്തപ്പടിയിൽ രാവിലെ 10.30 ന് കോർപറേഷൻ മേയർ അജിത വിജയൻ ഉദ്ഘാടനം ചെയ്യും. പഞ്ചായത്ത് പ്രസിഡന്റ് ഇ കെ തോമസ് മാസ്റ്ററുടെ അധ്യക്ഷത വഹിക്കും സിനിമാതാരം ജയരാജ് വാര്യർ മുഖ്യതിഥിയാകും.അത്യപൂർവ്വങ്ങളായ വിവിധയിനം ഔഷധ ഫലവൃക്ഷലതാദികളുടെയും, പച്ചക്കറി തൈകൾ, വിത്തുകൾ, പക്ഷി മൃഗാദി അലങ്കാര മൽസ്യങ്ങൾ, എന്നിവയുടെ വില്പനയും പ്രദർശനവും ഞാറ്റുവേല ചന്തയിലുണ്ട്. കൂടാതെ ഞാറ്റുവേലയും അനുബന്ധ കൃഷിയും, ലഹരിവിരുദ്ധ സെമിനാർ ക്ഷീരവികസനം, മഴക്കാല രോഗപ്രതിരോധം ആയുർവേദത്തിൽ മണ്ണും കർഷകനും എന്നീ വിഷയങ്ങളെ അധികരിച്ചു സെമിനാറുകൾ പായസമേള, പാചകമത്സരം, വിദ്യാർത്ഥികൾക്കായി കാർഷിക ക്വിസ്, പഞ്ചായത്ത് അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തെ മികച്ച കർഷകരെ ആദരിക്കൽ, കലാവിരുന്ന് എന്നിവ ഞാറ്റുവേല ചന്തയോടനുബന്ധിച്ചു നടക്കും.

അവസാനിച്ചു